**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 781** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ തീരപ്രദേശത്ത് കടൽ കയറ്റം തടയുവാൻ അറുപത് മീറ്റർ നീളത്തിൽ കടൽ ഭിത്തി പണിയുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ തീരപ്രദേശത്ത് കടൽ കയറ്റം തടയുവാൻ അറുപത് മീറ്റർ നീളത്തിൽ കടൽ ഭിത്തി പണിയുന്ന പ്രവൃത്തി തട്ടുകടവ് ബീച്ച് മുതൽ കൊരട്ടി ബീച്ച് വരെയുള്ള 5.3 കി.മീ. ADB പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ, മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിലെ തീരപ്രദേശത്ത് കടൽക്കയറ്റം തടയുന്നതിനായി താത്ക്കാലികമായി CP 1358 മുതൽ CP 1360 വരെ 400 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**